എൻ2/13130/2020/ഡി.ജി.ഇ

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി. 14/09/2020
ഫോൺ : 0471 2328438, 8330818477
ഇ-മെയിൽ : dgescholarship@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ - നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ -**സ്കൂളുകളുടെ രജിസ്ട്രേഷൻ- (2020-21)** - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച് : -

സൂചന :-1. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനം /കത്ത് നമ്പർ എസ്.എസ്.-15/2019/2020- തീയതി, 14/08/2020.
2. 13.08.2020 ലെ DO No.17-1/2020-SS നമ്പർ കത്തിലെ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ.
3. കേന്ദ്ര സാമൂഹിക നീതി മന്ത്രാലയത്തിന്റെ വിജ്ഞാപനം/കത്ത് നമ്പർ F No. Z-11017/49/2020-SCH - തീയതി, 29/07/2020

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കി വരുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെട്ട പ്രീ-മെട്രിക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് എന്നിവക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ട് കേന്ദ്ര സർക്കാർ സൂചനകൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സ്കോളർഷിപ്പുകൾക്ക് അർഹരായ കുട്ടികൾക്ക് അപേക്ഷിക്കുന്നതിനായി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/പ്രൈവറ്റ് സ്കൂളുകൾ (യു-ഡൈസ് കോഡ് ലഭ്യമായവ) എന്നിവ നിർബന്ധമായും പുതുതായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂളുകൾ/സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാത്തതിനാൽ കുട്ടികൾക്ക് മേൽ പറഞ്ഞ പ്രകാരമുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിനുള്ള അവസരം നഷ്ടമാകാതിരിക്കാൻ എല്ലാ സ്കൂൾ അധികൃതരും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

(മറുപുറം)

## പൊതു നിർദ്ദേശങ്ങൾ

1. Log-in ചെയ്യാൻ User ID / Password ആവശ്യമായി വരുന്ന പ്രഥമാധ്യാപകർ ജില്ലാ നോഡൽ ഓഫീസറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.
2. U-Dise കോഡ് ലഭിച്ചിട്ടുള്ള സ്കൂളുകൾക്ക് മാത്രമേ (NSP 2.0) പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.
3. പ്രഥമാധ്യാപകനും സ്കൂൾ നോഡൽ ഓഫീസർക്കും പ്രത്യേകം മൊബൈൽ ഫോൺ ആവശ്യമാണ്.
4. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.scholarships.gov.in എന്ന വെബ്സൈറ്റിൽ (Institute Log-in ⟹ operational Manual എന്ന ലിങ്കിൽ) ലഭ്യമാണ്.
5. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ സ്കൂളുകളിലും സ്കോളർഷിപ്പ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി രണ്ടോ അതിലധികമോ വർഷം സർവ്വീസ് ശേഷിക്കുന്ന ഏതെങ്കിലും അധ്യാപകനെ നോഡൽ ഓഫീസറായി പ്രധാനാധ്യാപകൻ നാമനിർദ്ദേശം ചെയ്യേണ്ടതും, ഈ അധ്യാപകന്റെ പേര് മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.
6. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളെ/ സ്ഥാപനത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വ്യക്തവും കൃത്യതയുള്ളതും ആയിരിക്കണം.
7. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന പ്രഥമാധ്യാപകൻ/നോഡൽ ഓഫീസർ/സെക്ഷൻ ക്ലാർക്കിന്റെ മൊബൈൽ ഫോൺ നമ്പർ എന്നിവ ഒരു കാരണവശാലും ഇടയ്ക്കു വച്ച് മാറ്റാൻ പാടുള്ളതല്ല.
8. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി നൽകുന്ന വിവരങ്ങൾ ‘‘തെറ്റായി’’ നൽകിയാൽ പിന്നീട് തിരുത്തൽ വരുത്താൻ സാധിക്കുന്നതല്ല.
9. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ പുതിയതായി രജിസ്റ്റർ ചെയ്യുന്ന സ്കൂളുകൾ ഒരു സാഹചര്യത്തിലും വീണ്ടും രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

(മറുപുറം)

## നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ രജിസ്ട്രേഷൻ - നടപടി ക്രമങ്ങൾ

I. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂളിന്റെ പേര് രജിസ്റ്റർ ചെയ്യുന്നതിന് നോഡൽ ഓഫീസർ/പ്രഥമാധ്യാപകന്റെ ഫോട്ടോ പതിപ്പിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ (ആധാർ, ഇലക്ഷൻ ഐ.ഡി, ഫോട്ടോ പതിച്ച ബാങ്ക് പാസ് ബുക്ക്, പാൻകാർഡ്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ) കരുതേണ്ടതേണ്ടതാണ് (ഫയൽ ഫോർമാറ്റ് JPEG/PDF - ഫയൽ സൈസ് 200KB - ൽ താഴെ).

II. രജിസ്ട്രേഷൻ ഫോമിലെ സ്ഥാപനത്തെ സംബന്ധിക്കുന്ന 5 മുതൽ 14 വരെയുള്ള വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പു വരുത്തുക.

III. ഡിക്ലറേഷൻ ബട്ടൻ ക്ലിക് [√] ചെയ്ത ശേഷം സേവ് ബട്ടൺ ക്ലിക് ചെയ്യുക. അതിന് ശേഷം ഫൈനൽ സബ്മിറ്റ് ബട്ടൺ ക്ലിക് ചെയ്ത് പ്രിന്റ് (2 കോപ്പി) എടുക്കുക.

IV. സ്കൂളുകൾ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ഫൈനൽ സബ്മിറ്റ് ചെയ്ത ശേഷം ലഭിക്കുന്ന പ്രിന്റ് ഫോട്ടോ പതിച്ച ശേഷം സ്വയം സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ജില്ലാ നോഡൽ ഓഫീസർക്ക് (വിദ്യാഭ്യാസ ഉപഡയറക്ടർക്ക്) സമർപ്പിക്കേണ്ടതാണ്.

V. ജില്ലാ നോഡൽ ഓഫീസറുടെ അംഗീകാരത്തിന് ശേഷം ലഭിക്കുന്ന പാസ്‌വേർഡ് ഉപയോഗിച്ച് സ്കൂളുകൾക്ക് "ഇൻസ്റ്റിറ്റ്യൂട്ട് ലോഗിൻ" എന്ന ഓപ്ഷൻ വഴി പ്രൊഫൈൽ എഡിറ്റ് ചെയ്യാവുന്നതാണ്.

VI. പ്രഥമാദ്ധ്യാപകൻ/നോഡൽ ഓഫീസർക്ക് ലഭിക്കുന്ന ഐഡി ഉപയോഗിച്ച് തുടർ നടപടികൾ സ്വീകരിക്കുക.

VII. ആവശ്യമായ കോഴ്സ് ലെവൽ/ക്ലാസുകൾ സെലക്ട് ചെയ്ത് കൂട്ടിച്ചേർക്കൽ/കുറവ് വരുത്താവുന്നതാണ്.

(മറുപുറം)

VIII. മേൽപ്പറഞ്ഞ നടപടി ക്രമങ്ങളിലൂടെ സ്കൂൾ രജിസ്ട്രേഷൻ നടത്തിയ ശേഷം മാത്രം കുട്ടികൾക്ക് ഓൺലൈൻ അപേക്ഷ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കാൻ സ്കൂൾ അധികൃതരും വിദ്യാഭ്യാസ ഓഫീസർമാരും നിർദ്ദേശം നൽകേണ്ടതാണ്.

IX. 2020-21 വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, മറ്റിനങ്ങളിലുള്ള ഫീ തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് ഇൻസ്റ്റിറ്റ്യൂഷൻ/ സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. ഏതെങ്കിലും കുട്ടികൾക്ക് സ്കൂൾ തലത്തിൽ ഫീസ് ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ടി കുട്ടികളുടേത് മാത്രം പ്രത്യേകം രേഖപ്പെടുത്തുന്നതിനും സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. സ്കൂൾ പ്രൊഫൈലിൽ സ്കൂൾ അധികൃതർ രേഖപ്പെടുത്തുന്ന മേൽ പറഞ്ഞ പ്രകാരമുള്ള ഫീസുകൾ കുട്ടികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള ആപ്ലിക്കേഷനിൽ സോഫ്റ്റ് വെയർ മുഖാന്തരം രേഖപ്പെടുത്തുന്നതാണ്.

**X.** സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക്, സ്കൂൾ/ക്ലാസ് എന്നിവ ശരിയായി ക്രമീകരിക്കുന്നതിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂൾ പ്രൊഫൈൽ അതാത് സ്കൂൾ അധികൃതർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**ജില്ലാ നോഡൽ ഓഫീസർമാർക്കുള്ള വിവരങ്ങൾ നിർദ്ദേശങ്ങൾ**

1. സ്കൂളുകളിൽ നിന്നും ലഭിക്കുന്ന പൂരിപ്പിച്ച **National Scholarship Portal** രജിസ്ട്രേഷൻ ഫോം വാങ്ങി ഓഫീസിൽ സൂക്ഷിക്കുക.
2. സ്കൂളിൽ നിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ രേഖയുടെ പകർപ്പിലെ ഐ.ഡി നമ്പരും മറ്റു വിവരങ്ങളും പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പാക്കിയ ശേഷം മാത്രം ജില്ലാ നോഡൽ ഓഫീസർമാർ (വിദ്യാഭ്യാസ ഉപഡയറക്ടർ) കൺഫർമേഷൻ നൽകേണ്ടതാണ്.
3. സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ജില്ലാ നോഡൽ ഓഫീസറുടെ കാര്യാലയം മുഖാന്തരം അംഗീകാരം നൽകാൻ കഴിയാത്ത സ്കൂളുകളുടെ വിവരം മാത്രം അതാത് ജില്ലാ നോഡൽ ഓഫീസർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ

(മറുപുറം)

സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്കൂളുകളോട് നേരിട്ട് സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകാൻ പാടുള്ളതല്ല.

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) &
നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

പകർപ്പ് :- 1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE } പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി

2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകർക്കും